ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. ഈ സംഭവം നടന്നത് 10-7-2000-നാണ്. അതിന് അന്ന് അവർ കോടതിയിൽ പോയി. കോടതിയും സബ്കോടതിയും 1,00,000 രൂപ കൊടുക്കാൻ പറഞ്ഞു. ഇതുപോലെ അപകടം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നതിന് ഇലക്ട്രിസിറ്റി ബോർഡിന് ഒരു ഇൻഷ്വറൻസ് സ്കീമുണ്ട്. അതിലെ 50,000 രൂപയും കോടതിവിധിച്ച 1,00,000 രൂപയും അതുപോലെ പ്രധാനമന്ത്രിയുടെ ഫണ്ടിൽനിന്നും അനുവദിച്ച 3,00,000 രൂപയും എല്ലാംകൂടിചേർത്ത് നൽകാൻ സബ്കോടതി വിധിച്ചു. അതിന് അപ്പീൽ പോയി. അപ്പീൽ പോയ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചപോലെ 25-5-2005-ൽ വിധി വന്നു. അവർക്ക് 3,13,200 രൂപ വച്ച് കൊടുക്കാൻ. ആ കോടതിവിധി ബോർഡിൽ കിട്ടിയത് 28-7-2005-നാണ്. പിറ്റേദിവസം 29-7-2005-നുതന്നെ ഈ പണം നൽകാനുള്ള ഉത്തരവ് ബോർഡ് പുറപ്പെടുവിച്ചുകഴിഞ്ഞു. കാസർഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഈ വിവരം കോടതിയെ അറിയിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്, ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

*മി. സ്പീക്കർ:* ഇതിൽ കൂടുതൽ സ്പീഡാകാൻ പറ്റില്ല.

*ശ്രീ. ആര്യാടൻ മുഹമ്മദ്:* വിധി കിട്ടി പിറ്റേ ദിവസം തന്നെ നടപടി സ്വീകരിച്ചു. എന്നാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപോലെ ആളുകളുടെ പ്രയാസങ്ങളൊക്കെ ശരിയാണ്. പിറ്റേദിവസം തന്നെ നടപടി കൈക്കൊണ്ടിട്ടുണ്ട്.

**(19) ശ്രീ. അബ്ദുൽനാസർ മ്അദനിയുടെ പ്രശ്നം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന ആവശ്യം**

*ശ്രീ ജി. പ്രതാപവർമ്മ തമ്പാൻ:* സർ, ജനാധിപത്യ വ്യവസ്ഥയുടെ ജീവ വായുവാണ് നിയമവാഴ്ച. അതിൻമേലുള്ള ഒരു ചോദ്യചിഹ്നമായി അബ്ദുൽനാസർ മ്അദനിയുടെ പ്രശ്നം മാറിക്കഴിഞ്ഞു. എറണാകുളത്തുനിന്നും അറസ്റ്റ്ചെയ്ത് കണ്ണൂർ സെൻട്രൽ ജയിലിൽ, മൂന്നു ദിവസം പാർപ്പിച്ച ശേഷം, തമിഴ്നാട് പോലീസിന് കൈമാറി, എട്ടുവർഷക്കാലമായി, അദ്ദേഹം വിചാരണ തടവുകാരനായി തമിഴ്നാട് സെൻട്രൽ ജയിലിൽ കഴിയുകയാണ്. അന്ന്, കേരള ഗവൺമെന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് പുറപ്പെടുവിച്ച ഒരു പ്രസിദ്ധീകരണത്തിൽ ഭരണനേട്ടങ്ങളുടെ കൂട്ടത്തിൽപ്പെടുത്തിയ ഒരു കൃത്യമായിപ്പോലും അത് മാറി. പക്ഷേ, ഇന്ന് സ്ഥിതി മാറി. ഇത് സംബന്ധിച്ച് നിയമസഭയിലെ തന്നെ 134 അംഗങ്ങൾ ഒപ്പിട്ട് രാഷ്ട്രത്തിന്റെ തലവനായ നമ്മുടെ രാഷ്ട്രപതിക്ക് നിവേദനം നൽകിക്കഴിഞ്ഞു. എനിക്ക് പറയാനുള്ളത് അഡ്മിനിസ്ട്രേറ്റീവ് ലായിൽ ഏറ്റവും പ്രധാന ശാഖയാണ് നാച്ചറൽ ജസ്റ്റീസ്. പക്ഷേ, ഇവിടെ ആ സാമാന്യ നീതി അബ്ദുൽനാസർ മ്അദനിക്ക് ലഭ്യമാക്കിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടുതന്നെ, ഇതൊരു മനുഷ്യാവകാശ പ്രശ്നമായി മാറിയിരിക്കുകയാണ്. എനിക്കു പറയാനുള്ളത് ഒരിക്കൽക്കൂടി തമിഴ്നാട് സർക്കാരിനോട് ഗവൺമെന്റ് തലത്തിലോ അല്ലെങ്കിൽ, ഒരു ആൾ പാർട്ടി ഡെലിഗേഷനിലൂടെയോ, വിചാരണ ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലാക്കുവാനും, അതോടൊപ്പംതന്നെ കേരളത്തിൽ ചാർജ്ജ് ചെയ്തിട്ടുള്ള കേസുകളുടെ വിചാരണ കേരളത്തിൽവച്ച് നടത്തുന്നതിനും, മ്അദനിയുടെ കുടുംബാംഗങ്ങൾ ആവശ്യപ്പെടുന്നതുപോലെ ആയുർവേദ ചികിൽസ കേരളത്തിൽ ലഭ്യമാക്കുന്നതിനും, പരോൾ നൽകുന്നതിനും, സന്ദർശകരെ കാണുന്നതിനുമൊക്കെയുള്ള അനുവാദം നൽകുന്നതിനുംവേണ്ടി ഗവൺമെന്റ് വീണ്ടും ആ പ്രശ്നത്തിൽ ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുകയാണ് ഗവൺമെന്റിന്റെയും സമീപനം അതാണ്. മ്അദനിയുടെ കാര്യത്തിൽ ഒരു സാമാന്യനീതി അദ്ദേഹത്തിന് ലഭിക്കുന്നില്ല, ലഭിച്ചിട്ടില്ല എന്നുള്ള അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്. എട്ടുവർഷമായിട്ട് വിചാരണ പൂർത്തിയാകാതെ അദ്ദേഹം ജയിലിൽ കഴിയുന്നതും രോഗിയായ അദ്ദേഹത്തിന് ആവശ്യമായിട്ടുള്ള ചികിൽസ കിട്ടാതിരിക്കുകയും ചെയ്യുന്നത് മനുഷ്യത്വപരമായി തെറ്റായിട്ടുള്ള സമീപനമാണ്. ഇത് ഒരു മനുഷ്യാവകാശ പ്രശ്നമെന്ന് മെമ്പർ പറഞ്ഞതിനോട് യോജിക്കുകയാണ്. മറ്റൊരു സംസ്ഥാനത്തെ പ്രശ്നമായതുകൊണ്ട് നിയമപരമായി ഇടപെടാൻ സംസ്ഥാന ഗവൺമെന്റിന് സാദ്ധ്യമല്ല. എന്നാൽപ്പോലും തമിഴ്നാട് ഗവൺമെന്റിലേക്ക് കത്ത് എഴുതി ഞാൻ നേരിട്ടു പോയി മുഖ്യമന്ത്രിയെ കണ്ട് സംസാരിച്ച് സംസ്ഥാനതലത്തിൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ ഈയടുത്തകാലത്ത് ഇവിടെവന്ന കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം ബോധ്യപെടുത്തി. ഈ സഭയിലെ എല്ലാ വിഭാഗം എം.എൽ.എ.-മാരും ഒപ്പിട്ട നിവേദനം പാർലമെന്ററികാര്യ വകുപ്പുമന്തിയുടെ നേതൃത്വത്തിൽ രാഷ്ട്രപതിക്ക് കൊടുത്തിട്ടുണ്ട്. അത് ഒരു വളരെ നല്ല മുവ് ആയിട്ടാണ് ഞാൻ കണ്ടത്. അദ്ദേഹത്തിന് നീതി ലഭിക്കുമെന്നും, ആവശ്യമായ ചികിൽസ ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു.

*ശ്രീ. ആർ. ബാലകൃഷ്ണപിള്ള:* ഇപ്പോൾ നിലവിലിരിക്കുന്ന മ്അദനിയുടെ ജാമ്യാപേക്ഷയിലെങ്കിലും നമുക്ക് ഒരു വക്കീലിനെ ഏർപ്പാട് ചെയ്ത് ഈ സംസ്ഥാനത്തിന്റെ താൽപ്പര്യമെന്നുള്ള നിലയ്ക്ക് കക്ഷി ചേരാൻ സാധിക്കുമോയെന്നുള്ളത് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* ആ നിർദ്ദേശവും വന്നിരുന്നു. പക്ഷേ, അത് ഗുണം ചെയ്യുമോ ദോഷം ചെയ്യുമോ, കാരണം ഗവൺമെന്റിന് മറ്റൊരു ഗവൺമെന്റിന്റെ ലാ ആന്റ് ഓർഡർ കസ്റ്റഡിനിൽ ഇടപെടാൻ നിയമപരമായി

LIBRARY ARCHIVES Kerala Legislative Assembly

കഴിയില്ല. അതുകൊണ്ട് അത് ഗുണമാണോ ദോഷമാണോ ചെയ്യുന്നത് എന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. ഈ നിർദ്ദേശവും വന്നിരുന്നു. അത് ആലോചിച്ചതാണ്. പക്ഷേ, ഗവൺമെന്റ് തലത്തിൽ ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ഇക്കാര്യത്തിൽ ചെയ്യും. അദ്ദേഹത്തിന്റെ പേരിൽ സംസ്ഥാനത്തുള്ള കേസുകൾ ഇവിടെത്തന്നെ വിചാരണ ചെയ്യുന്നതിനുള്ള അനുമതിയും ആവശ്യവും നമ്മൾ ഉന്നയിച്ചിട്ടുണ്ട്. പക്ഷെ അവിടുത്തെ കേസ് കഴിയാതെ അവർ വിടില്ല എന്നാണ് പറയുന്നത്. ഇവിടെ അദ്ദേഹത്തിന്റെ പേരിൽ ഉള്ള കേസുകൾ ഏതെങ്കിലും വിധത്തിൽ ഗുരുതരമായ സ്വഭാവമുള്ളതല്ല. സാധാരണ രീതിയിലുള്ള കേസുകൾ മാത്രമേയുള്ളു. പക്ഷേ, ആ കേസുകൾ വിസ്താരം ചെയ്യുന്നതിന്റെ പേരിൽ കേരളത്തിലേക്ക് ആക്കണമെന്നുള്ള ആവശ്യവും ഉന്നയിച്ചിട്ടുണ്ട്. പക്ഷേ, അവിടെ കേസ് നടക്കുന്നു, പറ്റില്ല എന്നുള്ള സമീപനമാണ് അവർ എടുത്തിരിക്കുന്നത്.

## VI റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ്

### രാഷ്ട്രപതി നിർദ്ദേശിച്ച 10 ദൗത്യങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച്

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: രാഷ്ട്രപതി കേരള നിയമസഭയിൽ ചെയ്ത പ്രസംഗം ചരിത്ര മുഹൂർത്തം മാത്രമല്ല, കേരള വികസനത്തിന്റെ രജത രേഖകൂടിയാണ്. കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി പ്രസിഡന്റ് നിർദ്ദേശിച്ച 10 ദൗത്യങ്ങളും ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് നടപ്പിലാക്കേണ്ട ഉത്തരവാദിത്വമാണ് നമുക്ക് ഏവർക്കും ഉള്ളത്. കേരളത്തിന്റെ അനന്തമായ വികസന സാദ്ധ്യതകൾ തിരിച്ചറിഞ്ഞ് അവ വിജയകരമായി നടപ്പിലാക്കുന്നതിനുള്ള വ്യക്തമായ കാഴ്ചപ്പാടാണ് ഈ ദൗത്യങ്ങൾ. വികസന രംഗത്ത് നമ്മുടെ സാദ്ധ്യതകളും അവസരങ്ങളും മനസ്സിലാക്കാതെ മയങ്ങിക്കിടന്ന കേരളത്തെ രാഷ്ട്രപതി തന്റെ പ്രസംഗത്തിലൂടെ തട്ടി ഉണർത്തിയിരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി രാഷ്ട്രപതി എത്രമാത്രം സമയം എടുത്തും കഠിനാദ്ധ്വാനം ചെയ്തുമാണ് ഈ നിർദ്ദേശങ്ങൾ തയ്യാറാക്കിയത് എന്ന് നമുക്കറിയാം. കേരളത്തോടുള്ള ഈ സ്നേഹത്തിനും പ്രത്യേക പരിഗണനയ്ക്കും കേരള ജനതയ്ക്കുവേണ്ടി ഞാൻ നന്ദി പ്രകടിപ്പിക്കുന്നു. ഈ പത്ത് ദൗത്യങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുവാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുകയും അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പ്ലാനിംഗ് ബോർഡിനോടും സെക്രട്ടറിമാരുടെ കമ്മിറ്റിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. 2002-2003-ൽ 24000 രൂപയായിരുന്ന പ്രതിശീർഷവരുമാനം അടുത്ത മൂന്നു വർഷത്തിനുള്ളിൽ (2006-2009-ൽ) 50,000 രൂപയായി ഉയർത്തുക, 2002-2003-ൽ 80,000 കോടി രൂപയായിരുന്ന GDP ഈ കാലയളവിൽ 1,60,000 കോടി രൂപയായി വർദ്ധിപ്പിക്കുക, ഇതുമൂലം കേരളത്തിലെ അഭ്യസ്തവിദ്യർ ഉൾപ്പെടെയുള്ളവരുടെ തൊഴിലില്ലായ്മ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്തുക,



LIBRARY ARCHIVES Kerala Legislative Assembly